നമ്പർ ജി(2)30384/2017 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 12.03.2018.

Website:www.cooperation.kerala.gov.in
e-mail : keralarcs@coop.kerala.gov.in

## സർക്കുലർ നം:18/2018

വിഷയം: സഹകരണ വകുപ്പ് – മണ്ണാർക്കാട് സഹകരണ എഡ്യൂക്കേഷൻ സൊസൈറ്റി– സംഘങ്ങളിൽ നിന്നും ഓഹരി സമാഹരിക്കുന്നത്–സംബന്ധിച്ച്.

പാരമർശം:
1. മണ്ണാർക്കാട് സഹകരണ എഡ്യൂക്കേഷൻ സൊസൈറ്റി സെക്രട്ടറി ഇൻചാർജ്ജ് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്കു സമർപ്പിച്ച 15.06.2017 ലെ അപേക്ഷ.
2. പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടെ 24.06.2017 ലെ 4056/2017/എസ്സ്.റ്റി. നം കത്ത്
3. സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും സർക്കാരിലേയ്ക്ക് നൽകിയ 14.07.2017, 26.09.2017 ലെ കത്തുകൾ.
4. സർക്കാരിൽ നിന്നും ലഭിച്ച 05.01.2018 ലെ സ.ഉ. (സാധാ) നം. 5/2018/സഹ. നം. ഉത്തരവ്.

**********

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന മണ്ണാർക്കാട് സഹകരണ എഡ്യൂക്കേഷൻ സൊസൈറ്റി മികച്ച രീതിയിൽ പ്രവർത്തനം നടത്തിവരുന്ന ഒരു വിദ്യാഭ്യാസ സഹകരണ സംഘമാണ് പാലക്കാട് ജില്ലയിലെ ആദ്യത്തെ സഹകരണ കോളേജായ യൂണിവേഴ്സൽ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് സംഘത്തിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ക്യാപിറ്റേഷൻ ഫീസോ, ഡൊണേഷനോ കൂടാതെ മിതമായ നിരക്കിൽ ഫീസ് ഈടാക്കി വരുന്ന ഈ സൊസൈറ്റിയുടെ പ്രവർത്തനം മുന്നോട്ടു പോകുന്നതിന് വളരെയേറെ ചിലവ് വരുന്ന സാഹചര്യത്തിൽ പാലക്കാട്, മലപ്പുറം ജില്ലകളിലെ സഹകരണ സ്ഥാപനങ്ങൾക്ക് സൊസൈറ്റിയിൽ ഓഹരി നിക്ഷേപം നടത്തുന്നതിന് സഹകരണ നിയമത്തിൽ ഇളവ് അനുവദിച്ചുതരണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷയിൽ

പരാമർശം (2) പ്രകാരം അനുകൂല റിപ്പോർട്ട് ലഭിച്ചിരുന്നു. പരാമർശം (3) പ്രകാരം ഈ ആഫീസിൽ നിന്നും സർക്കാരിൽ നൽകിയ അപേക്ഷകൾ പരിഗണിക്കുകയും പൊതു താൽപര്യമുള്ള വിഷയങ്ങളിൽ സർക്കാരിന് തൃപ്തികരമെന്നുതോന്നുന്ന പക്ഷം ഒരു സംഘത്തിന് അതിന്റെ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ഇളവ് നൽകാവുന്നതാണെന്ന സഹകരണ നിയമം വകുപ്പ് 101 പരിഗണിച്ച് പരാമർശം (4) പ്രകാരം ടി സംഘത്തിന് ഇളവനുവാദം നൽകി സർക്കാർ ഉത്തരവായിരിക്കുന്നു.

ടി സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്ന പാലക്കാട്, മലപ്പുറം ജില്ലകളിലെ എല്ലാ സഹകരണ സംഘങ്ങൾക്കും മണ്ണാർക്കാട് സഹകരണ എഡ്യൂക്കേഷൻ സൊസൈറ്റിയിൽ (ക്ലിപ്തം നമ്പർ പി 906) ഓഹരിയെടുക്കുന്ന തിനുവേണ്ടി അനുമതി നൽകുന്നു.

(ഒപ്പ്)
ഡോ. ഡി. സജിത് ബാബു. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) പാലക്കാട്.
2. ജോയിന്റ് രജിസ്ട്രാർ (ജനറൽ) മലപ്പുറം.
3. സെക്രട്ടറി ഇൻചാർജ്ജ്, മണ്ണാർക്കാട് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സൊസൈറ്റി ലിമിറ്റഡ് നം. പി 906, മണ്ണാർക്കാട്, പാലക്കാട്.
4. എഡിറ്റർ സഹകരണ വീഥി.
5. വെബ് സൈറ്റ്
6. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി./പി.റ്റി.)